പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 323 — 05-03-2012 -ൽ മറുപടിക്ക്.

## ദുർബല വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജൻ. | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവനനിർമ്മാണ രംഗത്ത് ദുർബല വിഭാഗത്തിന് ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുർബല വിഭാഗക്കാരെ ലക്ഷ്യമാക്കിയുള്ള സാഫല്യം ഭവന പദ്ധതിയും കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസത്തിനായുള്ള ഭവന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) പദ്ധതി ആരംഭിച്ച് നാളിതുവരെ എത്ര പേർക്ക് അതിന്റെ ആനുകൂല്യം ലഭിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ബി) സാഫല്യം ഭവന പദ്ധതിയിലൂടെ 10 സ്ഥലങ്ങളിലായി 1008 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് ഭവന നിർമ്മാണ ബോർഡ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസത്തിനായുള്ള ഭവന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഈ പദ്ധതി പ്രാരംഭ ദിശയിൽ മാത്രമാണ്. ഇവ പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ